2609/B1/14/Envt

<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പതിനൊന്നാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1927 — 16.06.2014 ൽ മറുപടിയ്ക്ക്

## <u>മിഷൻ 676 ൽ ഉൾപ്പെടുത്തിയിട്ടുള്ള പരിസ്ഥിതി സംരക്ഷണ പദ്ധതികൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.എം.എ.വാഹീദ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് മിഷൻ 676 ൽ ഉൾപ്പെടുത്തി പരിസ്ഥിതി സംരക്ഷണത്തിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) 2014-15 സാമ്പത്തിക വർഷത്തിൽ പരിസ്ഥിതി വകുപ്പ് നടപ്പാക്കാനായി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നതും, പരിസ്ഥിതി സംരക്ഷണ നടപടികളിൽ പ്രമുഖവുമായ പദ്ധതികൾ താഴെ ചേർക്കുന്നു.<br>a) പ്രാഥമിക പരിസ്ഥിതി സംരക്ഷണം (PEC)<br>b) പരിസ്ഥിതി അവബോധ പ്രവർത്തനങ്ങൾ<br>c) പരിസ്ഥിതി വകുപ്പിന് പ്രാദേശിക കാര്യാലയങ്ങൾ സ്ഥാപിക്കൽ<br>d) ജൈവവൈവിധ്യ സംരക്ഷണം<br><u>കാലാവസ്ഥാ വ്യതിയാനം</u><br>a) ഗവേഷണ പദ്ധതികൾ<br>b) കാലാവസ്ഥാ വ്യതിയാന ഇൻസ്റ്റിറ്റ്യൂട്ട്, കോട്ടയം |
| (സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;<br><br>(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | <u>a) പ്രാഥമിക പരിസ്ഥിതി സംരക്ഷണം (PEC)</u><br>എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികൾ (ബി എം സി) രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. എല്ലാ പഞ്ചായത്തുകളിലും ഒരു |

പാരിസ്ഥിതിക പദ്ധതിയെങ്കിലും നടപ്പിലാക്കുന്നതിനായി നടപ്പു വർഷം 1.3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

b) പരിസ്ഥിതി അവബോധന പ്രവർത്തനങ്ങൾ

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 246 ഭൂമിത്രസേനാ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

c) പരിസ്ഥിതി വകുപ്പിന് പ്രാദേശിക കാര്യാലയങ്ങൾ സ്ഥാപിക്കൽ

ആദ്യഘട്ടമെന്ന നിലയിൽ കോട്ടയത്ത് പരിസ്ഥിതി വകുപ്പിന് ഒരു പ്രാദേശിക കാര്യാലയം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

d) ജൈവവൈവിധ്യ സംരക്ഷണം

2014-15 സാമ്പത്തിക വർഷത്തിൽ പരമ്പരാഗത വിജ്ഞാന ശേഖരണം, നഗരജൈവവൈവിധ്യ സംരക്ഷണം, വിദ്യാലയങ്ങളിൽ മരങ്ങൾ നടുന്നതിനുള്ള 'ശാന്തിസ്ഥൽ' പദ്ധതി ജൈവവൈവിധ്യ പൈതൃക സ്ഥാനങ്ങൾ കണ്ടെത്തി സംരക്ഷിക്കൽ, സംരക്ഷിത മേഖലയ്ക്ക് പുറത്തുള്ള ജൈവവൈവിധ്യ മേഖലകളുടെ സംരക്ഷണം, ജൈവവൈവിധ്യ ബോർഡിനെ കേരള സർവ്വകലാശാലയുടെ ജൈവവൈവിധ്യ ഗവേഷണ കേന്ദ്രമാക്കൽ, കുട്ടികളുടെ പരിസ്ഥിതി കോൺഗ്രസ്സ്, സസ്യ-ജന്തുജാല നിർണ്ണയത്തിനുള്ള കൈപ്പുസ്തകങ്ങൾ പ്രസിദ്ധീകരിക്കൽ, ജൈവവൈവിധ്യ അവാർഡുകൾ, തിരുവനന്തപുരത്ത് ഒരു ജൈവവൈവിധ്യ മ്യൂസിയം തുടങ്ങി 400 ലക്ഷം രൂപയുടെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതാണ്.

കാലാവസ്ഥാ വ്യതിയാനം

a) ഗവേഷണ പദ്ധതികൾ

ഗവേഷണ പദ്ധതികൾക്ക് 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

b) കാലാവസ്ഥാ വ്യതിയാന ഇൻസ്റ്റിറ്റ്യൂട്ട്

Institute for Climate Change Studies എന്ന പേരിൽ ഒരു ഗവേഷണ പഠന സ്ഥാപനം കോട്ടയത്ത് സ്ഥാപിച്ചിട്ടുണ്ട്. ഗവേഷണ പഠനങ്ങൾക്ക് ഇൻസ്റ്റിറ്റ്യൂട്ടിന് 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ